കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

e-mail: dopkd.ksad@kerala.gov.in

http://ksad.kerala.gov.in/

# കാരാകുറിശ്ശി ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2018-19

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ-പികെഡി 12/724/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്
തീയതി:04.06.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കാരാകുറിശ്ശി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാരാകുറിശ്ശി ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാരാകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി12/724/2020 തീയതി – 04.06.2020

**പാലക്കാട് ജില്ലയിലെ കാരാകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ കാരാകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 13.2.2019 മുതൽ 17.12.2019 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സതീശൻ.എൻ.<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18.12.2019 മുതൽ 28.12.2019 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ.റോബർട്ട്.കെ.ജി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.രമാദേവി.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.മുഹമ്മദ് ഹിഷാം.എം | ഓഡിറ്റർ |
| ശ്രീമതി.കാർത്തിക.പി | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | അഡ്വക്കേറ്റ് മജീദ്.കെ | 1-4-2018 മുതൽ 31-3-2019 വരെ |
| സെക്രട്ടറി | ശ്രീ.മുഹമ്മദ്ഷാഫി.കെ | 01.4.218 മുതൽ 15-03-2019 വരെ |
| -ടി- | ശ്രീമതി. സുപ്രിയ. എ, അസി.സെക്രട്ടറി (സെക്രട്ടറി-ഇൻ ചാർജ്ജ്) | 15-03-2019 മുതൽ 31.3.2019 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | ശ്രീമതി. സുപ്രിയ. എ | 01.4.2018 മുതൽ 31.3.2019വരെ |
| കൃഷി ഓഫീസർ | ശ്രീമതി.സുനിത.പി | 01.4.2018 മുതൽ 31-03-2019 വരെ |
| വി.ഇ.ഒ | ശ്രീ. യാസർ അരാഫത്ത് | 1-4-2018 മുതൽ 31-3-2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. കദീജ.എം.എസ് | 1-4-2018 മുതൽ 01.8.2018 വരെ |
| -ടി- | ശ്രീമതി.കാർത്യായനി | 01.8.2018 മുതൽ 31.3.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.സീമ.കെ.എസ് | 01.4.2018 മുതൽ 18.06.2018 വരെ |
| -ടി- | ശ്രീ.ഹരികൃഷ്ണൻ.വി | 18.6.2018 മുതൽ 31.3.2019 വരെ |
| മെഡിക്കൽ ഓഫീസർ-PHC | ഡോ. കെ.എം.ഉമ്മർ | 1-4-2018 മുതൽ 31-3-2019 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ.കെ.ശോഭ | 1-4-2018 മുതൽ 17.7.2018 വരെ |
| -ടി- | ഡോ.അസ്മാബി | 17.7.2018 മുതൽ 31.3.2019 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.പി.എം.സജിത | 1.4.2018 മുതൽ 31.5.2018 വരെ |
| -ടി- | ഡോ. രഞ്ജിത്ത് (അഡീഷണൽ ചാർജ്ജ്) | 1.6.2018 മുതൽ 19.6.2018FN വരെ |
| -ടി- | ഡോ.രേഷ്മ.ആർ.എസ്. | 19.6.2018AN മുതൽ 31.3.2019 വരെ |
| ഡയറിഫാം ഇൻസ്ട്രക്ടർ | ശ്രീ.അനിഷ്നാരായണൻ | 1-4-2018 മുതൽ |

| | | |
|---|---|---|
| | | 31-3-2019 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.അബ്ദുൾ റഷീദ്. | 1.4.2018 മുതൽ 14.5.2018 വരെ |
| -ടി- | ശ്രീ.മുഹമ്മദ്അലി.കെ.വി<br>ജി.എൽ.പി.സ്കൂൾ, | 14.5.2018 മുതൽ<br>31-3-2019 വരെ |

ഉള്ളടക്കം

ഭാഗം I

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | കാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല | 1-11 |
| 12 | ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | 1-12 |
| 13 | കാലഹരണപ്പെട്ട് ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ് | 1-13 |
| 14 | ഇ-ടെണ്ടർ ഫീ ലഭ്യമായിട്ടില്ല | 1-14 |
| 15 | പൊതുടാപ്പുകളുടെ വെള്ളക്കരം | 1-15 |
| 16 | തെരുവ്വിളക്കുകളുടെ പരിപാലനം | 1-16 |
| 17 | മുൻകൂർ തുക ക്രമീകരിച്ചിട്ടില്ല | 1-17 |
| 18 | ബജറ്റ് നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ് | 1-18 |
| 19 | വിവാഹത്തിന് ധനസഹായം - ഭരണസമിതി അംഗീകരിച്ചിട്ടില്ല | 1-19 |
| 20 | ഭവനത്തിന് നമ്പർ അനുവദിച്ച് വിവരം അറിയിക്കേണ്ടതാണ് | 1-20 |
| 21 | കോക്ലീയർ ഇംപ്ലാന്റേഷൻ റിപ്പയറിംഗ് - വിനിയോഗ | 1-21 |

| | | |
|---|---|---|
| | സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | |
| 22 | സാന്ത്വന പരിചരണ പദ്ധതി – മാർഗ്ഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 1-22 |
| 23 | അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ – കേന്ദ്രവിഹിതത്തിൽ അവശേഷിക്കുന്ന തുക ഉപയോഗപ്പെടുത്തിയിട്ടില്ല | 1-23 |
| 24 | എസ്.സി. വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകൽ – എസ്.സി/എസ്.ടി ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള സാക്ഷ്യപത്രം വാങ്ങി സൂക്ഷിച്ചിട്ടില്ല | 1-24 |
| 25 | പ്രാഥമികാരോഗ്യ കേന്ദ്രത്തിന് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ – അപാകതകൾ | 1-25 |
| 26 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ രേഖകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല | 1-26 |
| 27 | കന്നുകുട്ടി പപരിപാലനം പദ്ധതി – തുക വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് | 1-27 |

## ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (1), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13 എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിന്മേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

-പരാമർശങ്ങൾ ഇല്ല-

## ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (2), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

-പരാമർശങ്ങൾ ഇല്ല-

## ഭാഗം-IV

## ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |

| | | |
|---|---|---|
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരം | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |

(1) അനുബന്ധം – 1 – ഓഡിറ്റ് സർട്ടിഫിക്കറ്റ്

(2) അനുബന്ധം – 2 – വാർഷിക കണക്കുകളുടെ സംക്ഷിപ്തം വിവരം

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

27.3.2018തീയതിയിലെ 1(1).തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. റിവൈസ്ഡ് ബജറ്റ് തിയതി - 11.2.2019

| | |
|---|---|
| മുന്നിരിപ്പ് - | 13296033 |
| വരവ് | 125226420 |
| ആകെ | 138522453 |
| ചെലവ് | 123489420 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 14.5.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|

| | |
|---|---|
| മുന്നിരിപ്പ് | 7166416 |
| വരവ് | 103832331 |
| ആകെ | 110998747 |
| ചെലവ് | 88785503 |
| നീക്കിയിരിപ്പ് | 22213244 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 14338683 | 14338683 | 14338280 | 403 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 8922500 | 8922500 | 7842672 | 1079828 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 13680000 | 13680000 | 13650282 | 29718 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 2949000 | 2949000 | 2924431 | 24569 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 8508293 | 8508293 | 5261166 | 3247127 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 23524878 | 23524878 | 23524878 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 13843 | 520399+3506(int) | 537748 | 520488 | 17260 |
| കേരളോത്സവം | | 0 | 0 | 0 | 0 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ- | | | | | | |
| സംയോജിത ശിശു വികസന പദ്ധതി | | 1205319 | 795375 | 2000694 | 605318 | 1395376 |

| | | | | | | |
|---|---|---|---|---|---|---|
| ശുചിത്വമിഷൻ ഫണ്ട് | | 0 | 2042643 | 2042643 | 160000 | 1882643 |
| ദുരിതാശ്വാസനിധി | | 21061 | 842 | | 10 | 21893 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | | | | | | |
| ബ്ലോക്ക് പഞ്ചായത്ത് | | 0 | 3696000 | 3696000 | 3432608 | 263392 |
| ജില്ലാ പഞ്ചായത്ത് | | 126156 | 977608 | 1103764 | 1023764 | 80000 |
| | | 0 | 1342100 | 1342100 | 0 | 1342100 |
| ബി ഫണ്ട് | | 0 | 393360 | 393360 | 393360 | 0 |
| വെള്ളപ്പൊക്കം | | 0 | 266518 | 266518 | 235000 | 31518 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട്-SBI | 99288<br>2194747 | 62214067<br>4693171 | 62313355<br>6887918 | 62267559<br>1530371 | 45796<br>5357543 |
| | KSCB | 2695260 | 5614885 | 8310145 | 2961347 | 5348798 |
| | ട്രഷറി അക്കൗണ്ട് | 0 | 121250 | 121250 | 121250 | 0 |
| ഗുണഭോക്തൃവിഹിതം | | 4600 | 771715 | 817715 | 817715 | 0 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 242 | 115534963 | | 75383059 | 46 | | 65 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 13843 | 520399+<br>3506(int) | 537748 | 520488 | 17260 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 23524878 | 23524878 | 23524878 | 0 |

| | | | | | |
|---|---|---|---|---|---|
| ആകെ | 13843 | 24048783 | 24062626 | 24045366 | 17260 |

തൊഴിലുറപ്പ് പദ്ധതിയിലൂടെ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 2018-19 സാമ്പത്തിക വർഷത്തിൽ കുഴിച്ചിട്ടുള്ള 9 കിണറുകൾ ആൾമറ കെട്ടി സുരക്ഷിതമാക്കി ശുചിത്വ കിണറുകളാക്കിയിട്ടില്ല എന്ന് കാണുവാൻ കഴിഞ്ഞു. ഇതര പദ്ധതികളിൽ ഉൾപ്പെടുത്തി പ്രവർത്തി പൂർത്തീകരിച്ച് വിശദ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 273360 | 165 |
| കർഷകതൊഴിലാളി പെൻഷൻ | 4271800 | 340 |
| വിധവാപെൻഷൻ | 13057000 | 1039 |
| വാർദ്ധക്യകാലപെൻഷൻ | 21176100 | 1634 |
| വികലാംഗപെൻഷൻ | 3929400 | 315 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 979300 | 81 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന18.12.2019 തിയതിയിൽ 3.pmന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 51363/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമാണ്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമാണ്. വാർഷികക്കണക്കുകൾ തയ്യാറാക്കുന്നതിൽ കുറേക്കൂടി ശ്രദ്ധപതിപ്പിക്കേണ്ടതാണ്. മരാമത്ത് പ്രവർത്തികളുടെ എണ്ണം കുറവാക്കി പ്രോജക്റ്റുകളുടെ പൂർത്തീകരണം ഉറപ്പുവരുത്തേണ്ടതാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.12.2019 | 01.11.2019 -30.11.2019 | 17.12.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2.4.2009 – 18.4.2009 | 2004-2005 to 2008-2009 | 16.5.2009 |

# 1-11 തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204(1) (ii)എ(i) പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിയ്ക്ക് വിധേയനാകും. 2018-19 സാമ്പത്തിക വർഷം താഴെ പറയുന്ന ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

എ) ഗ്രാമപഞ്ചായത്തിലെ എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം 2018-19 സാമ്പത്തിക വർഷത്തിൽ 18 കോൺട്രാക്റ്റർമാർ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്. രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന കോൺട്രാക്റ്റർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | പേര് | നികുതി ഈടാക്കേണ്ട അർദ്ധവർഷം |
|---|---|---|
| 1 | മുഹമ്മദലി.കെ | ഒന്നും രണ്ടും അർദ്ധ വർഷം |
| 2 | ബിജു ജെ തോമസ് | ഒന്നും രണ്ടും അർദ്ധ വർഷം |
| 3 | അബ്ദുൾനാസർ | ഒന്നും രണ്ടും അർദ്ധ വർഷം |

ബി) സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2018-19 സാമ്പത്തിക വർഷം ഡി ആന്റ് ഒ ലൈസൻസ് അനുവദിച്ച ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | വാർഡ് നം. /കെട്ടിട നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 5/528 | ലാക്മെ റബ്ബേഴ്സ് | 10 |
| 2 | 13/256 | ശാസ്ത ടിമ്പേഴ്സ് | 8 |
| 3 | 13/253 | ഹറഫ പ്ലൈവുഡ് | 20 |
| 4 | 13/252 | ഹറഫ മാച്ച് യൂണിറ്റ് | 9 |

സി)റേഷൻ കടകളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# 1-12 ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2018-19 വർഷത്തിലെ ലൈസൻസ് അപേക്ഷകൾ, ഡിമാന്റ് രജിസ്റ്റർ, മറ്റ് അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)2018-19 ലെ ഡി ആന്റ് ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ആകെ 179 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. എന്നാൽ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് പരിശോധിച്ചതിൽ 270 സ്ഥാപനങ്ങൾ കാണുന്നുണ്ട്. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 1064 വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ടി കണക്കുകളിൽ നിന്നും പഞ്ചായത്ത് പരിധിയിൽ നിരവധി സ്ഥാപനങ്ങൾ നിയമാനുസൃതം ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നുണ്ട് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

മേൽ സാഹചര്യത്തിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്താണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പാക്കുന്നതിനും വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കുന്നതിനും ഉള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2)1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 18

അനുസരിച്ച് വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്ര സാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് കേ.പ.രാ ആക്ട് 232-ാം വകുപ്പ് പ്രകാരം ഒരു കൊല്ലത്തേക്ക് ലൈസൻസ് നൽകുകയോ പുതുക്കി നൽകുകയോ ചെയ്യുന്നതിന് പട്ടിക III ൽ പറഞ്ഞ തുകയിൽ അധികരിക്കാതെ ഫീസ് ചുമത്താവുന്നതാണ്. 2018-19 സാമ്പത്തിക വർഷം വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന യന്ത്രങ്ങൾ ഉപയോഗിക്കുന്ന നിരവധി സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിലും യന്ത്രങ്ങൾ ഉപയോഗിക്കുന്നതിനുള്ള ഫീസ് ഈടാക്കിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ലൈസൻസ് നം | വാർഡ് നം. / കെട്ടിടം നം. | അപേക്ഷകന്റെ പേരും മേൽ വിലാസവും | സ്ഥാപനം | ഉപയോഗിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|---|---|---|
| 10/18-19 | 1/197 | ഷിഹാബുദ്ദീൻ. ടി.കെ, താഴത്തെ കല്ലടി, പള്ളിക്കുറുപ്പ് | വെൽഡിംഗ് വർക്സ് | 20HP | 100/- |
| 52/18-19 | 13/253 | സി. ഹസ്സൻ, പി.എ . ഹോൾഡർ, സി. റസീന, ചീരക്കോടൻ ഹൗസ്, തൃക്കളൂർ | ഹറഫ പ്ലൈവുഡ് | 109HP | 1000/- |
| 53/18-19 | 13/252 | സി. ഹസ്സൻ, പി.എ . ഹോൾഡർ, സി. റസീന, ചീരക്കോടൻ ഹൗസ്, തൃക്കളൂർ | ഹറഫ മാച്ച് യൂണിറ്റ് | 60HP | 1000/- |
| 122/18-19 | 10/279 | ടി. എസ്. മുഹമ്മദാലി, തെക്കേമുറി | ഫാത്തിമ സോ മിൽ | 35HP | 500/- |
| 146/18-19 | 15/372 | ഹംസ, കൊളക്കാടൻ, മുണ്ടേക്കരാട് | റൈസ് മിൽ | 20HP | 300/- |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും യന്ത്രങ്ങളുടെ ഉപയോഗക്രമം അനുസരിച്ച് ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3)1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻ കടകളുടെ നടത്തിപ്പിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്.2018-19 വർഷത്തിലെ ലൈസൻസ് അപേക്ഷകൾ, ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ ലൈസൻസ് എടുത്തിട്ടില്ല. റേഷൻ കടകളെ ലൈസൻസിന്റെ പരിധിയിൽ കൊണ്ടു വരുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-13 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്.

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൻ 3 വർഷം കഴിഞ്ഞിട്ടും തിരിച്ചു നൽകിയിട്ടില്ലാത്ത ഡെപ്പോസിറ്റ് തുകകൾ ഉള്ളതായി കാണുന്നു. ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 2011-12 മുതലുള്ള ഡെപ്പോസിറ്റ് തുകകൾ - കോൺട്രാക്ടേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ്, സപ്ലൈയേഴ്സ് ഇ.എം.ഡി, സപ്ലൈയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നീ ഇനങ്ങളിൽ മൂന്നു വർഷം കഴിഞ്ഞിട്ടും തിരിച്ചു നൽകിയിട്ടില്ലാത്ത ഡെപ്പോസിറ്റ് തുകകൾ ഉള്ളതായി കാണുന്നു. മൂന്ന് വർഷത്തിലധികം പഴക്കമുള്ള ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്. ഓഡിറ്റ് നിർദ്ദേശം ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടു വന്ന് തുകകൾ തനത് ഫണ്ടിലേക്ക് മുതൽകൂട്ടുന്നതാണ് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

# 1-14 ഇ ടെൻഡർ ഫീ ലഭ്യമായിട്ടില്ല.

2018-19 സാമ്പത്തിക വർഷത്തെ ഇ ടെൻഡർ ഫീ ലഭ്യമായില്ല. ആയത് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പക്കൽ നിന്നും ലഭ്യമാക്കി തനത് ഫണ്ടിൽ ഒടുക്കി നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-15 പൊതുടാപ്പുകളുടെ വെള്ളക്കരം

ഗ്രാമപഞ്ചായത്ത് പരിധിയിൽ കേരള ജല അതോറിറ്റിയുടെ 24 പൊതു കുടിവെള്ള ടാപ്പുകൾക്ക് പ്രതിമാസം 10500/- രൂപ വെള്ളക്കരമായി ഗ്രാമപഞ്ചായത്ത് ഒടുക്കിവരുന്നുണ്ട്. ഓരോ പ്രദേശത്തും ഉള്ള ടാപ്പുകളുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിൽ കുടിവെള്ള പദ്ധതികൾ, ഗാർഹിക കുടിവെള്ള കണക്ഷൻ എന്നിവ സാർവ്വത്രികമായ സാഹചര്യത്തിൽ എല്ലാവർക്കും ജലലഭ്യത

ഉറപ്പാക്കിയശേഷം ഘട്ടംഘട്ടമായി പൊതുടാപ്പുകൾ നിർത്തലാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. മുൻ ഓഡിറ്റ് റിപ്പോർട്ടുകളിലും ഈ വിഷയം പരാമർശിച്ചിട്ടുണ്ടെങ്കിലും നാളിതുവരെയായും പൊതുടാപ്പുകൾ നിർത്തലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. ഈ വിഷയത്തിലേയ്ക്ക് ഭണസമതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-16 തെരുവ് വിളക്കുകളുടെ പരിപാലനം

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ് ആയി 2018-19 സാമ്പത്തിക വർഷം 344137/-രൂപ അടവാക്കിയിട്ടുണ്ട്. വൈദ്യുതി ബോർഡിന്റെ സഹായത്താൽ സംയുക്ത പരിശോധന നടത്തി തെരുവു വിളക്കുകളുടെ എണ്ണം, തരം എന്നിവയുടെ വിവരങ്ങൾ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പരിശോധനയ്ക്ക് ഹാജരാക്കിയ രജിസ്റ്റർ പ്രകാരം സി.എഫ്.എൽ - 398, ഫ്ലൂറസന്റ് ലാമ്പ് 5, ഹൈമാസ്റ്റ് ലൈറ്റ് - 2, ഡബിൾ ട്യൂബ് - 3 എന്നിവയാണ് ഉള്ളത്. എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിച്ചിട്ടില്ല. നാളിതുവരെ തെരുവ് വിളക്കുകൾക്ക് മീറ്റർ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. ആയതിനാൽ നിലവിൽ അടവാക്കുന്ന തുകയുടെ കൃത്യത ഉറപ്പുവരുത്താൻ കഴിയുന്നില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ഗ്രാമപഞ്ചായത്തിലെ എല്ലാ തെരുവ് വിളക്കുകൾക്കും മീറ്ററിംഗ് സംവിധാനം ബാധകമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
2. വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ലാമ്പുകളുടെ എണ്ണം ഉറപ്പാക്കേണ്ടതാണ്.
3. ഊർജ്ജ ഉപഭോഗം കൂടിയ ബൾബുകൾ പൂർണ്ണമായും ഒഴിവാക്കി താരതമ്യേന ഊർജ്ജ ഉപഭോഗം കുറഞ്ഞ എൽ.ഇ.ഡി വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-17 മൂൻകൂർ തുക ക്രമീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം സാക്ഷരതാ പ്രേരക് മാർക്ക് ഹോണറേറിയം ( 4.3.17&11.4.2017) നൽകിയ ഇനത്തിൽ 102717/- രൂപ നൽകിയിട്ടുള്ളത് നാളിതുവരെയായും ക്രമീകരിച്ചിട്ടില്ല. ഓഡിറ്റ് അന്വേഷണത്തിന് (നം.10/26.12.2019) തുക തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ജില്ലാ സാക്ഷരതാ മിഷനിൽ നിന്നും തുക ലഭ്യമാക്കി തനതുഫണ്ടിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

# 1-18 ബജറ്റ് നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്

ബജറ്റ് തയ്യാറാക്കുന്നതിന്റെ ഭാഗമായി പ്ലാൻ, നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനായി ബജറ്റിനു മുമ്പായി വിവിധ ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ച് ചേർക്കേണ്ടതാണ്. ആയത് വിളിച്ച് ചേർത്തതിന് രേഖയില്ല. നിർവ്വഹണ ഉദ്യോഗസ്ഥർ പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ടോ എന്ന് വിലയിരുത്തുന്നതിനാവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല. ബഡ്ജറ്റ് നടപടിക്രമങ്ങൾ പാലിക്കാത്തത് യഥാർത്ഥത്തിൽ ആവശ്യമായ തുക അവശ്യ മേഖലകളിൽ വകയിരുത്തപ്പെടാതെ പോകുന്നതിന് ഇടയാക്കുമെന്നതിനാൽ നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

എല്ലാ ഘടക സ്ഥാപനങ്ങളുടേയും ആവശ്യകത വിലയിരുത്തി മാത്രം ബജറ്റ് തയ്യാറാക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിനായി ബജറ്റ് മാന്വലിൽ സൂചിപ്പിച്ച സമയക്രമം പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുമ്പോൾ സ.ഉ(ആർ.ടി)നം.3291/2016/തസ്വഭവ തിയതി 2-12-2016 ലെ നിർദ്ദേശങ്ങൾ കണക്കിലെടുക്കേണ്ടതാണ്.

ബജറ്റ് 19-3-18 ലെ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 27.3.2018 തീയതിയിലെ 1(1) തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| | |
|---|---|
| മുന്നിരിപ്പ് | 13296033 |
| വരവ് | 125226420 |
| ആകെ | 138522453 |
| ചെലവ് | 123489420 |
| നീക്കിയിരിപ്പ് | 15033033. |

റിവൈസ്ഡ് ബജറ്റ് തിയതി - 11.2.2019

# 1-19 വിവാഹത്തിന് ധനസഹായം - ഭരണസമിതി അംഗീകരിച്ചിട്ടില്ല.

പദ്ധതി - പാവപ്പെട്ട പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹത്തിന് ധനസഹായം നൽകൽ(187/19)

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

അടങ്കൽ - 375000

ചെലവ് - 375000 ട്രഷറി ബിൽ നം.(20/19.3.19)

പദ്ധതി പ്രകരാം താഴെ പറയുന്ന 5 ഗുണഭോക്താക്കൾക്ക് (ഒരാൾക്ക് 75000 പ്രകാരം) ധനസഹായം അനുവദിച്ചിട്ടുണ്ട്. ഗുണഭോക്തൃലിസ്റ്റ് പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടില്ല.

1. ഉഷ.ടി

കോവിലിങ്ങിൽ

പുല്ലിശ്ശേരി

2. ഉണ്ണി അമ്മ,

സാമ്പ്രിക്കൽ വീട്

പുല്ലിശ്ശേരി

3. ചന്ദ്രൻ.കെ

കല്ലംചോല വീട്

വാഴമ്പുറം

4. ചന്ദ്രിക.എൻ.സി

ചന്ദനംകുണ്ട് വീട്

അരപ്പാറ

വാഴേമ്പുറം

5. കമലം

കടിയംപാല

പള്ളിക്കുറുപ്പ്

ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി സാമ്പത്തിക വർഷാവസാനമായതിനാൽ, തുക പാഴാകാതിരിക്കാൻ അടിയന്തിരമായി നിർവ്വഹണം പൂർത്തിയാക്കേണ്ടി വന്നതുകൊണ്ടാണ് എന്നും, അടുത്തു ചേരുന്ന പഞ്ചായത്ത് യോഗത്തിൽ അംഗീകാരത്തിന് സമർപ്പിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ് എന്നും അറിയിച്ചിട്ടുണ്ട്.

# 1-20 ഭവനത്തിന് നമ്പർ അനുവദിച്ച് വിവരം അറിയിക്കേണ്ടതാണ്.

പദ്ധതി - ആശ്രയ ഭവന നിർമ്മാണം (എസ്.സി.പി)(ടഠ)

അടങ്കൽ - 300000

ചെലവ് - 300000

നിർവഹണ ഉദ്യോഗസ്ഥൻ - ആസി.സെക്രട്ടറി

പദ്ധതി പ്രകാരം കാളി w/o ആയ്യപ്പൻ, ഒറവക്കോട്ടിൽ, വാഴമ്പുറം എന്ന ഗുണഭോക്താവിന് നാല് ഗഡുക്കളായി 300000 രൂപ അനുവദിച്ചിട്ടുണ്ട്. ഭവനനിർമ്മാണം പൂർത്തീകരിച്ച് പഞ്ചായത്തിൽ നിന്ന് വീട്ട് നമ്പർ നൽകിയതായി കാണുന്നില്ല. വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നം. 14/28.12.2019 നൽകിയതിന് ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട് എന്നും, വീട് നമ്പർ വാങ്ങുന്നത് സംബന്ധിച്ച ഗുണഭോക്താവിന് അറിവില്ലാത്തതുകൊണ്ടാണ് എന്നും അപേക്ഷ ലഭ്യമാക്കി വീട് നമ്പർ അനുവദിച്ച് നൽകുന്നതാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

# 1-21 കോക്ലിയർ ഇംപ്ലാന്റേഷൻ റിപ്പയറിംഗ്-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

നിർവഹണ ഉദ്യോഗസ്ഥൻ-ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പ്രോജക്ട് നം.-43/19, ഭിന്നശേഷിക്കാർക്ക് ഉപകരണം

ചെലവ്- 100000

ട്രഷറി ബിൽ നം. – 10/18-19 തി.28.3.19

മേൽ പ്രോജക്ടിന്റെ ഭാഗമായി 2 ഗുണഭോക്താക്കൾക്കായി കോക്ലിയർ ഇംപ്ലാന്റേഷൻ ചെയ്തതിന്റെ റിപ്പയറിംഗിനുള്ള ചെലവിനത്തിൽ 100000 രൂപ കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് കൈമാറിയിട്ടുണ്ട്.എന്നാൽ റിപ്പയറിംഗ് ചെയ്തത് സംബന്ധിച്ച് സോഷ്യൽ സെക്യൂരിറ്റി മിഷനിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13) വിനിയോഗ സാക്ഷ്യപത്രം ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും ആവശ്യപ്പെട്ടിരുന്നുവെങ്കിലും നാളിത് വരെ ലഭ്യമാക്കിയിട്ടില്ല എന്നും സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് കൈമാറുന്നതാണ് എന്ന് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുള്ളത്. പദ്ധതിയുടെ കൃത്യമായ മോണിട്ടറിംഗ് യഥാസമയം നടത്തി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

# 1-22 സാന്ത്വന പരിചരണ പദ്ധതി - മാർഗ്ഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

സാമൂഹികമായും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രോഗികളെ കണ്ടെത്തി അവർക്ക് മരുന്ന് ഉൾപ്പെടെ ആവശ്യമുള്ള പ്രാഥമിക ആരോഗ്യ പരിപാലന സംവിധാനം സജ്ജമാക്കുക, കിടപ്പിലായ രോഗികൾക്ക് ഉചിതമായ ചികിത്സാ സേവനങ്ങളും

മാർഗ്ഗനിർദ്ദേശങ്ങളും നൽകുക എന്നീ ലക്ഷ്യങ്ങളോടെയാണ് സാന്ത്വന പരിചരണ പദ്ധതി ആരംഭിച്ചിട്ടുള്ളത്. ഗുരുതരമായ രോഗം ബാധിച്ചവർക്ക് ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, സന്നദ്ധ സംഘടനകൾ എന്നീ വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് രോഗികൾക്ക് മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുവാനായി സ.ഉ(സാധാ)നം. 3217/2015/തസ്വഭവ തിയതി 29-10-2015 പ്രകാരം മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് 07-03-2019 ലെ സ.ഉ(സാധാ)നം.553/2019/തസ്വഭവ പ്രകാരം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2018-19 ൽ നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 26/19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| അടങ്കൽ (₹) | 600000/-(വികസന ഫണ്ട് -ജനറൽ) |
| ചെലവ് (₹) | 567619/- |

പദ്ധതി നടപ്പാക്കിയതിൽ മുഹമ്മദ് ഷാഫി എന്ന വ്യക്തിയുടെ വാഹനം വാടകയ്ക്ക് എടുത്താണ് ഉപയോഗിച്ചിട്ടുള്ളത്. പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കുള്ള ഹോം കെയർ വാഹനം ക്വട്ടേഷൻ ക്ഷണിച്ച് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തുന്നവർക്ക് നൽകേണ്ടതാണെന്നും ക്വട്ടേഷൻ പിഎംസി അംഗീകരിക്കേണ്ടതാണെന്നും മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഓടുന്ന ദൂരത്തിന് ആനുപാതികമായ പരമാവധി ദിവസ വാടകയും മാർഗ്ഗരേഖയിലുണ്ട്. എന്നാൽ 2018-19 സാമ്പത്തിക വർഷത്തിൽ ക്വട്ടേഷൻ നടപടി ക്രമങ്ങൾ പാലിക്കാതെയാണ് വാഹനം വാടകയ്ക്ക് എടുത്തിട്ടുള്ളത്.കൂടാതെ പദ്ധതി നടപ്പാക്കിയ മുഴുവൻ കാലയളവിലും മാർഗ്ഗരേഖ പ്രകാരം അനുവദിക്കാവുന്ന ഓടുന്ന ദൂരത്തിന് ആനുപാതികമായ പരമാവധി ദിവസ വാടക അധികമായാണ് നൽകിയിട്ടുള്ളത്. ഒരേ ദൂരത്തിന് തന്നെ വ്യത്യസ്ത ദിവസങ്ങളിൽ വ്യത്യസ്ത നിരക്കിലാണ് വാടക അനുവദിച്ചിട്ടുള്ളത്.

വിശദാംശങ്ങൾ ഏതാനും ദിവസങ്ങളിലെ ഉദാഹരണം സഹിതം ചുവടെ ചേർക്കുന്നു.

| വാഹനം ഓടിയ ദൂരം | തിയതി | അനുവദിച്ച തുക |
|---|---|---|
| 23 Km | 03-04-18 | 1050 |
| 24Km | 05-05-18 | |
| 26Km | 07-06-18 | |
| 24Km | 05-07-18 | |
| 23Km | 06-08-18 | |
| 23Km | 18-09-18 | |

| | | |
|---|---|---|
| 23Km | 04-10-18 | |
| 24Km | 17-11-18 | |
| 29Km | 19-12-18 | |
| 25Km | 08-01-19 | |
| 29Km | 06-02-19 | |
| 34 Km | 04-04-18 | |
| 28Km | 08-05-18 | |
| 28Km | 06-06-18 | |
| 27Km | 07-07-18 | |
| 25Km | 07-08-18 | |
| 27Km | 06-09-18 | 1100 |
| 29Km | 15-10-18 | |
| 29Km | 26-11-18 | |
| 30Km | 31-12-18 | |
| 29Km | 17-01-19 | |
| 28Km | 16-02-19 | |

തുടർന്നുള്ള വർഷങ്ങളിൽ സാന്ത്വന പരിചരണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിൽ മാർഗരേഖ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-23 അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ കേന്ദ്രവിഹിതത്തിൽ അവശേഷിക്കുന്ന തുക ഉപയോഗപ്പെടുത്തിയിട്ടില്ല.

കാരാകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്ന പ്രകാരമാണ്.

| ഇനം | എണ്ണം |
|---|---|
